⇨ പുതിയകാലത്തെ കാവിവൽക്കരണത്തിന്റെ പ്രത്യേകതകളെന്താണ്? ⇨

RIGHT TO DISSENT
വിസമ്മതങ്ങളുടെ കൂടിച്ചേരൽ

# കാവിവൽക്കരണ കാലത്തെ രാഷ്ട്രീയവും മാദ്ധ്യമങ്ങളും

നാഷണലിസത്തെ സംബന്ധിച്ച് 90 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച അതേ സംവാദമാണ് ഇന്ന് കാവിവൽക്കരണത്തിന്റെ മൂർത്തിമത്ഭാവമായി നാം കാണുന്നത്. ഭൂരിപക്ഷ ദേശീയതയെ സംബന്ധിച്ച സംവാദം ഇന്ന് സംവാദത്തിന്റെ തലം വിട്ട് പ്രയോഗത്തിന്റെ തലത്തിലേക്ക് എത്തിയിരിക്കുന്നു. ഈയൊരു ആശയപരമായ ജീർണ്ണതയെ എങ്ങിനെ പ്രതിരോധിക്കാം എന്നതായിരിക്കണം നമ്മുടെ മുന്നിലുള്ള സുപ്രധാന ചോദ്യം.

**വിനോദ് കെ. ജോസ്**

**ഇന്ത്യയിൽ** കാവിവൽക്കരണം എന്നത് ഇന്നോ ഇന്നലെയോ തുടങ്ങിയ പ്രക്രിയയല്ല എന്നത് നാം മനസിലാക്കേണ്ടതുണ്ട്. വളരെക്കാലമായി അതിവിടെ നടക്കുന്നുണ്ട്. പുതിയകാലത്തെ കാവിവൽക്കരണത്തിന്റെ പ്രത്യേകതകളെന്താണ്? ഏങ്ങനെയാണ് ഭീകരമായ രീതിയിൽ അത് വളർന്നുവരുന്നത് തുടങ്ങിയ ചോദ്യങ്ങളാണ് നാം ഇന്ന് ഉന്നയിക്കേണ്ടത്. ഭക്ഷണം, ഭാഷ, മതം എന്നിവയെ സംബന്ധിച്ച് 90 വർഷങ്ങൾക്ക് മുമ്പ് തുടങ്ങിവച്ച അതേ സംവാദങ്ങളാണ് കേരളത്തിന് പുറത്ത് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്. എങ്ങനെയുള്ള ഒരു രാജ്യമാകണം ഇന്ത്യ എന്നതിനെ സംബന്ധിച്ച് ഒരു നൂറ്റാണ്ടിന് മുമ്പേ നടന്ന അതേ സംവാദം പുനരാവർത്തിക്കപ്പെടുകയാണ്. 1920ൽ ആ ചർച്ച വളരെ കൃത്യമായി അവതരിപ്പിക്കപ്പെട്ടു. യൂറോപ്പിൽ നിന്ന് വിദ്യാഭ്യാസം നേടിയ ഗാന്ധി, നെഹ്റു, അംബേദ്കർ എന്നിവർ വ്യത്യസ്തമായ കാഴ്ചപ്പാടുകൾ പല കാര്യങ്ങളിൽ നിലനിർത്തുമ്പോൾ തന്നെയും ദേശീയതയെ സംബന്ധിച്ച്, 'കോൺട്രാക്ചൽ നാഷണലിസം' എന്ന യൂറോപ്യൻ കാഴ്ചപ്പാട് അവർ മുറുകെപ്പിടിച്ചിരുന്നു. ഇംഗ്ലണ്ടിലും ഫ്രാൻസിലും നിലനിന്നിരുന്ന ദേശീയതയെ സംബന്ധിച്ച ഈയൊരവബോധം ഒരു ഭാഗത്തുള്ളപ്പോൾ ജർമ്മനി, ഇറ്റലി എന്നിവിടങ്ങളിൽ നിന്നായി മറ്റൊരാശയവുമായി വേറൊരു കൂട്ടരും രംഗത്തുണ്ടായിരുന്നു. ഏതൊരു വിധത്തിലുള്ള ദേശരാഷ്ട്ര സങ്കല്പത്തെയാണ് സ്വീകരിക്കേണ്ടത് എന്നതു സംബന്ധിച്ച് യൂറോപ്പിലും സമാനമായ സംവാദം നിലനിന്നിരുന്നു. ഹിറ്റ്ലറിനും മുമ്പ് 1880-90 കാലഘട്ടത്തിൽ ജുഡീഷ്യറിയുമായി ബന്ധപ്പെട്ടായിരുന്നു ഈ ചർച്ച ആരംഭിച്ചത്. സ്വിസ് നിയമജ്ഞനായ ബ്ലൻസ്ച്‌ലിയാണ് ആധുനിക ദേശരാഷ്ട്രങ്ങൾ നന്നായി ഭരിക്കണമെങ്കിൽ അത് ഭൂരിപക്ഷ ദേശീയതയിൽ അധിഷ്ഠിതമായ രാജ്യമായിരിക്കണം എന്ന സങ്കൽപ്പം മുന്നോട്ടുവയ്ക്കുന്നത്. ഭൂരിപക്ഷ ദേശീയതയ്ക്ക് മാത്രമേ രാഷ്ട്രത്തെ ചലിപ്പിക്കാൻ സാധിക്കൂ എന്നും എല്ലാ ഭരണസ്ഥാപനങ്ങളും മാദ്ധ്യമങ്ങളും അതിനുവേണ്ടി പ്രവർത്തിക്കണമെന്നും അന്ന് ശക്തമായി ഉന്നയിക്കപ്പെടുകയുണ്ടായി. ഈയൊരു നിലപാടിനെ രാഷ്ട്രീയ മണ്ഡലത്തിലേക്ക് കൊണ്ടുവന്നത്, ഇറ്റലിയിൽ മുസ്സോളിനിയും ജർമ്മനിയിൽ ഹിറ്റ്ലറുമായിരുന്നു. വിവിധ മതവിശ്വാസികളും സാമൂഹ്യ വിഭാഗങ്ങളും നിലനിൽക്കുന്ന ഒരു രാജ്യത്ത് രാഷ്ട്രീയ ഭരണം സോഷ്യൽ കോൺ

ട്രാക്ടിനെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരിക്കണം എന്നതിനാൽ കോൺട്രാക്ചൽ നാഷണലിസമായിരിക്കണം നമ്മുടെ ഭരണസംവിധാനത്തിന്റെ അടിത്തറ എന്ന യൂറോപ്യൻ വാദത്തെ ഗാന്ധി-നെഹ്റു-അംബേദ്കർ ത്രയങ്ങൾ അംഗീകരിച്ചപ്പോൾ അതിന് വിരുദ്ധമായൊരു തീസിസ്- ഗ്രാന്റ് തീസിസ് - അവതരിപ്പിച്ചത് 1924ലായിരുന്നു. സവർക്കർ 'ഹിന്ദുത്വ' എന്ന പുസ്തകമെഴുതുന്നു. അങ്ങിനെ പൊളിറ്റിക്കൽ ഹിന്ദുത്വത്തിന്റെ ആദ്യപുസ്തകമെന്ന നിലയിൽ 'ഹിന്ദുത്വ' കടന്നുവരുന്നു. സോഷ്യലിസ്റ്റുകളും കമ്യൂണിസ്റ്റുകളും അടക്കമുള്ള വിവിധ സോഷ്യൽ ഗ്രൂപ്പുകൾ ഇക്കാലയളവിൽ വളർന്നുവരികയുണ്ടായെങ്കിലും ഒരു മാറ്റവും കൂടാതെ തുടരുന്ന ഒന്നാണ് ഹിന്ദുത്വ രാഷ്ട്രീയ ശക്തികൾ എന്ന് നാം മനസിലാക്കണം. ആർഎസ്എസ് എന്ന് നാം പറയുന്നത് ഒരുകാലത്ത് ഹിന്ദുമഹാസഭയുടെ യുവജന വിഭാഗം മാത്രമായിരുന്നു എന്ന് ഓർക്കണം. 18 വയസ്സിൽ താഴെയുള്ളവർ പ്രവർത്തിക്കേണ്ട ഹിന്ദു മഹാസഭയുടെ വിഭാഗം. മുസോളിനിയുടെ കളരിയിൽ നിന്ന് പരിശീലനം നേടിയ മുഞ്ജേയാണ് ഹിന്ദുമഹാസഭയെ ഈ രീതിയിൽ വളർത്തിക്കൊണ്ടുവന്നത്. ഇറ്റലിയിൽ പോയി പരിശീലനം നേടി തിരിച്ചെത്തി, ബ്രിട്ടീഷ് മിലിട്ടറിയുടെ പഴയ ചീഫിന്റെ സഹായത്തോടെ പരിശീലനത്തിലുള്ള ആളെ കണ്ടെത്തിയാണ് ആർ.എസ്.എസ് രൂപപ്പെടുന്നത്. ഹിന്ദു മഹാസഭയുടെ വളർച്ചയെയും വികാസത്തെയും സംബന്ധിച്ച ആ ചരിത്രവസ്തുതകൾ നാഷണൽ ആർക്കൈവ്സിൽ നിന്നും കണ്ടെത്താൻ ഇന്ന് പ്രയാസമാണ്. അവ നശിപ്പിക്കപ്പെട്ടിരിക്കാനുള്ള സാധ്യതകളും തള്ളിക്കളയാനാകില്ല. എന്തുതന്നെയായാലും ഭരണഘടനാ നിർമ്മാണ സമിതി ചർച്ചകളിൽ മേൽക്കൈ നേടാൻ ഹിന്ദുത്വ ശക്തികൾക്ക് സാധിച്ചില്ല.

ഭരണഘടനാ സമിതിയിൽ പരാജയപ്പെട്ട, കോൺട്രാക്ചൽ നാഷണലിസത്തിന് എതിരുനിന്ന, ഭരണഘടന പരസ്യമായി കത്തിച്ച, ത്രിവർണ്ണ പതാകയുടെ നിറത്തെച്ചൊല്ലി, അതിന്റെ ആകാരത്തെച്ചൊല്ലി കലഹിച്ച അതേ സംഘടന ഇന്ന് ഭരണഘടനാ സംവിധാനത്തിലൂടെ അധികാരത്തിലെത്തിയിരിക്കുന്നു. ആ സംഘടനയുടെ പ്രതിനിധിയെന്ന നിലയിൽ ഭരണത്തിന്റെ തലപ്പത്തിരിക്കുന്ന നരേന്ദ്ര മോദി ഭരണഘടനാ സംവിധാനങ്ങൾക്ക് അപ്പുറത്ത് കാര്യങ്ങളെ കാണുകയും ഇടപെടുകയും ചെയ്യുന്ന വ്യക്തിയാണെന്ന് നാം മനസിലാക്കേണ്ടതുണ്ട്. 2011-12 സമയത്ത് ഞാൻ മോദിയെക്കുറിച്ച് കാരവനിൽ ഒരു അന്വേഷണാത്മക റിപ്പോർട്ട് എഴുതിയിരുന്നു. ഗുജറാത്ത് മുഖ്യമന്ത്രിയായിരുന്ന കാലത്ത് മോദിയോടൊപ്പം യാത്ര ചെയ്ത്, നൂറ്റിയഞ്ചോളം ആളുകളുമായി അഭിമുഖം നടത്തി തയ്യാറാക്കിയ റിപ്പോർട്ട് ആയിരുന്നു അത്. ആ റിപ്പോർട്ടിൽ മോദിയും അരുൺ ജെയ്റ്റ്ലിയും തമ്മിലുണ്ടായ ഒരു അഭിപ്രായവ്യത്യാസത്തെക്കുറിച്ച് പറയുന്നുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു അഭിപ്രായവ്യത്യാസമായിരുന്നു അത്. ജെയ്റ്റ്ലി എ.ബി.വി.പി നേതാവായി മാത്രം വളർന്നുവന്ന കരിയറിസ്റ്റായ ഒരു നേതാവാണ്. വക്കീലായി, മുപ്പത്തഞ്ചാം വയസിൽ വി.പി. സിംഗ് സർക്കാരിന്റെ അഡീഷണൽ സോളിസിറ്റർ ജനറൽ ആയി, ബൊഫോഴ്സ് കേസ് അന്വേഷിക്കാൻ വിദേശത്ത് പോയി, രാഷ്ട്രീയത്തിന് ഭരണഘടനാപരമായ അതിരുകളുണ്ടെന്ന് വിശ്വസിക്കുന്നയാളാണ്. അരുൺ ജെയ്റ്റ്ലി ഭരണഘടനയുടെ അതിർവരമ്പുകൾക്കകത്ത് നിന്ന് പ്രവർത്തിക്കാൻ ശ്രമിക്കുമ്പോൾ, അല്ലെങ്കിൽ അതിനകത്ത് നിന്ന് കാര്യങ്ങളെ നോക്കിക്കാണുമ്പോൾ നരേന്ദ്ര മോദിയെ സംബന്ധിച്ച് ഭരണഘടനയ്ക്കപ്പുറം കാര്യങ്ങളെ മനസിലാക്കാനുള്ള കഴിവ് സൂക്ഷിക്കേണ്ടവരാണ് രാഷ്ട്രീയക്കാർ എന്ന നിലപാടാണുള്ളത്. ഇതായിരുന്നു ഇവർ തമ്മിലുണ്ടായ പ്രധാന അഭിപ്രായ വ്യത്യാസം. മാദ്ധ്യമങ്ങൾ എത്ര മാത്രം മറച്ചുവെക്കാൻ ശ്രമിച്ചാലും മോദിയുടെ ഭൂതവും വർത്തമാനവും ഇതാണെന്ന് നാം അറിയേണ്ടതുണ്ട്. പക്ഷേ ഏറ്റവും വേദനാകരമായ കാര്യം, ഇന്ത്യൻ മാദ്ധ്യമങ്ങൾ അത് ഇംഗ്ലീഷിലോ മറ്റ് ഭാഷകളിലുള്ളതോ ആവട്ടെ, മോദി സർക്കാരിനെ ഒരു സാധാരണ വലതുപക്ഷ ഗവൺമെന്റായിട്ടാണ് കാണുന്നത് എന്നതാണ്. ഭരണഘടനാ സംവിധാനത്തെ തന്നെ നശിപ്പിക്കുന്ന ഒരു ഫാസിസ്റ്റ് സർക്കാരായിട്ട് ഇതിനെ കാണാൻ അവർ ശ്രമിക്കുന്നില്ല. അത്തരത്തിലുള്ള വിമർശനങ്ങൾ അടിസ്ഥാനപരമായി ഉന്നയിക്കാൻ അവർ ശ്രമിക്കുന്നുമില്ല. ഇതിന്റെ അടിസ്ഥാനമെന്തെന്ന് പലപ്പോഴും ഞാൻ ആലോചിച്ചിട്ടുണ്ട്. കാരണം, ലളിതമായ സംഖ്യാശാസ്ത്രം മനസിലാക്കിയാൽ ഭരണത്തിനനുകൂലമായി വോട്ട് ചെയ്തവരുടെ എണ്ണം ഇന്ത്യയിൽ 30 ശതമാനം മാത്രമേ വരൂ എന്നും ബാക്കി 70 ശതമാനവും ഭരണത്തിനെതിരായി, പല പാർട്ടികൾക്കായിട്ടാണെങ്കിലും വോട്ടു ചെയ്തവരാണ് എന്ന വസ്തുത ബോദ്ധ്യപ്പെടും. അതായത് ഇന്ത്യയിൽ 70 ശതമാനം പേരും ഗവൺമെന്റിനെതിരായി ചിന്തിക്കു

ന്നു എന്നാണ് അർത്ഥം. എങ്കിൽകൂടിയും സർക്കാരിനെതിരെ വിമർശനങ്ങളുന്നയിക്കാൻ മാദ്ധ്യമങ്ങൾ മടിക്കുന്നതിന് പിന്നിൽ മാദ്ധ്യമങ്ങളുടെ കൺസോളിഡേഷനും വരുമാന മാർഗ്ഗങ്ങളും സംബന്ധിച്ച കാര്യങ്ങൾ ഒളിഞ്ഞ് കിടക്കുന്നുണ്ട്. ഇന്ത്യൻ മാദ്ധ്യമങ്ങളുടെ വരുമാനത്തിന്റെ 60 ശതമാനവും വരുന്നത് ടെൻഡർ, പൊതുസ്ഥാപന പരസ്യങ്ങളിലൂടെയാണ്. അതുകൊണ്ടുതന്നെ ഗവൺമെന്റിന്റെ കൂടെ നിൽക്കുക എന്നത് അവരുടെ നിലനിൽപ്പിന്റെ കാര്യമായിട്ടാണ് അവർ മനസിലാക്കിയിരിക്കുന്നത്. ഫ്രീ പ്രസ്സ് എന്നത് ഇന്ത്യയിൽ ഒരു മിഥ്യ മാത്രമാണ്.

മാദ്ധ്യമങ്ങളുടെ കാവിവൽക്കരണം വ്യക്തിപരമായി എനിക്കനുഭവപ്പെട്ടത് ജഡ്ജ് ലോയ കേസുമായി ബന്ധപ്പെട്ടാണ്. അമിത് ഷാ പ്രതിയാക്കപ്പെട്ടിട്ടുള്ള സൊറാബ്ദ്ദീൻ കേസ് പരിഗണിക്കുന്ന സിബിഐ ജഡ്ജ് ലോയയുടെ മരണം അസ്വാഭാവികമായ ഒന്നാണെന്ന് ആദ്യം റിപ്പോർട്ട് തയ്യാറാക്കിയത് മറാഠി പത്രപ്രവർത്തകനായ നിരഞ്ജൻ താക്ലേയായിരുന്നു. അദ്ദേഹത്തിന്റെ പത്രം ഇക്കാര്യം റിപ്പോർട്ട് ചെയ്യാൻ മടിച്ചുനിന്നപ്പോഴാണ് ഞാൻ ജോലി ചെയ്യുന്ന കാരവൻ മാഗസിനിലേക്ക് അതെത്തുന്നത്. വായിച്ചുനോക്കിയപ്പോൾ വ്യക്തിപരമായി ഞങ്ങളുടെ ജീവനക്കാരെയും സ്ഥാപനത്തിന്റെ നിലനിൽപ്പിനെപ്പോലും അപകടത്തിലാക്കുന്ന ഒന്നാണെന്ന് മനസിലായെങ്കിലും സ്റ്റോറിയുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചു. സ്റ്റോറി വികസിപ്പിച്ചു. ഒരു സിബിഐ സ്പെഷ്യൽ ജഡ്ജ് ഇങ്ങനെയൊരു ദുരൂഹ സാഹചര്യത്തിൽ മരിക്കുക എന്നത് അവിശ്വസനീയമായിരുന്നു. എന്നിട്ടും ഒരു വാർത്ത പോലും വരാതിരുന്നത് എന്തുകൊണ്ടാണെന്ന് ഞാൻ അത്ഭുതപ്പെട്ടു. സൊറാബ്ദ്ദീൻ കേസ് നമുക്ക് എല്ലാവർക്കും പരിചിതമാണ്. മൂന്ന് പേരുടെ കൊലപാതകമാണ് വിഷയം. സൊറാബ്ദ്ദീൻ, കൂടെ യാത്ര ചെയ്തിരുന്ന അദ്ദേഹത്തിന്റെ ഭാര്യയും പ്രജാപതി എന്നയാളുമാണ് കൊലചെയ്യപ്പെട്ടത്. 2009-11 കാലഘട്ടത്തിൽ നടത്തിയ അന്വേഷണത്തിലൂടെ സിബിഐ കണ്ടെത്തിയ തെളിവുകൾ 11,000 പേജുകളുണ്ട്. ഗുജറാത്തിൽ വിചാരണ നടത്തേണ്ടതില്ല എന്ന് സുപ്രീംകോടതി തീരുമാനിക്കുകയും മഹാരാഷ്ട്രയിലേക്ക് വിചാരണ മാറ്റുകയുമായിരുന്നു. മാത്രമല്ല, തുടക്കം മുതൽ ഒടുക്കം വരെ ഈ കേസ് ഒരേയൊരു ജഡ്ജി മാത്രമേ കേൾക്കാവൂ എന്നും സുപ്രീംകോടതി പറഞ്ഞു. അങ്ങനെയാണ് പ്രത്യേക ജഡ്ജിയായി ജഡ്ജ് ഉത്പതിനെ നിയോഗിക്കുന്നത്. പ്രതിയായ അമിത് ഷാ വിചാരണ സമയത്തൊന്നും കോടതിയിൽ വരാറുണ്ടായിരുന്നില്ല. തിരക്കുള്ളതിനാൽ വരാൻ കഴിയുന്നില്ല എന്ന വക്കീൽ വഴി അറിയിക്കും. എന്നാൽ ഉറപ്പായും 2014 ജൂൺ 26 കോടതിയിൽ ഹാജരാകാൻ ജഡ്ജ് ഉത്പൽ നിർദ്ദേശം നൽകി. പക്ഷെ ജൂൺ 25ന് ജഡ്ജ് ഉത്പലിനെ ട്രാൻസ്ഫർ ചെയ്തു. ബോംബെ ഹൈക്കോടതി ചീഫ് ജസ്റ്റിസ് മോഹിത് ഷായാണ് ട്രാൻസ്ഫർ ചെയ്തത്. ഇത് സുപ്രീംകോടതി നിർദ്ദേശത്തിന്റെ നഗ്നമായ ലംഘനമായിരുന്നു. പക്ഷെ രാജ്യം നിശബ്ദമായിരുന്നു, സുപ്രീം കോടതിക്കും ഒന്നും പറയാനുണ്ടായിരുന്നില്ല. രണ്ടാമത് നിയോഗിക്കപ്പെട്ട ജഡ്ജ് ആയിരുന്നു ലോയ. ബി.ജെ.പിയുടെ ദേശീയ പ്രസിഡന്റ് ആയതിനാൽ കോടതിയിൽ ഹാജരാകാൻ കഴിയുന്നില്ലെന്ന് വീണ്ടും അമിത് ഷായുടെ വക്കീൽ അറിയിക്കുന്നു. 2014 ഒക്ടോബറിൽ മഹാരാഷ്ട്ര തെരഞ്ഞെടുപ്പിൽ വിജയിച്ച ഫട്നാവിസ് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാൻ പോവുകയാണ്. ജഡ്ജ് ലോയയുടെ കോടതിയിൽ നിന്നും ഒന്നര കിലോമീറ്റർ അകലെയാണ് സത്യപ്രതിജ്ഞ നടക്കുന്നത്. ഹാജരാകാൻ പറഞ്ഞിട്ടും പ്രതി എന്തുകൊണ്ടാണ് വരാത്തതെന്ന് ലോയ അന്നും ചോദിച്ചു. തിരക്കിലാണെന്ന് വക്കീൽ അറിയിച്ചപ്പോൾ, ഒന്നര കിലോമീറ്റർ അകലെ അദ്ദേഹം നിൽക്കുന്നത് ഞാൻ ടെലിവിഷനിലൂടെ കണ്ടു എന്നും എന്നിട്ടും എന്തുകൊണ്ടാണ് കോടതിയിൽ ഹാജരാകാത്തതെന്നും ലോയ ചോദിച്ചു. ഡിസംബർ 15ന് അമിത്ഷായ്ക്ക്

ഡിസംബർ 15ന് അമിത്ഷായ്ക്ക് ഹാജരാകാൻ സമയം നൽകി. അതിന് 15 ദിവസം മുമ്പ്, നവംബർ 30ന് സിഗരറ്റ് വലിക്കാത്ത, മദ്യപിക്കാത്ത, ഷട്ടിൽ കളിക്കുന്ന, ദിവസവും ഒരു മണിക്കൂറോളം വ്യായാമം ചെയ്യുന്ന ജഡ്ജ് ലോയ കാർഡിയാക് അറസ്റ്റ് മൂലം മരിക്കുന്നു. ജഡ്ജ് ലോയയുടെ സഹോദരിയും മഹാരാഷ്ട്രയിലെ സർക്കാർ ഡോക്ടറുമായ അനുരാധ പിയാനി ഇത് സ്വാഭാവിക മരണമല്ല എന്ന് മെഡിക്കൽ തെളിവുകളുടെ അടിസ്ഥാനത്തിൽ അന്നേ പറഞ്ഞിരുന്നു.

⇨ ദേശീയ മാദ്ധ്യമങ്ങൾ സമ്പൂർണ്ണമായി വാർത്താ തമസ്കരണം നടത്തുകയായിരുന്നു ⇨



റൈറ്റ് ടു ഡിസന്റ് പരിപാടിയിൽ വിനോദ്. കെ. ജോസ് സംസാരിക്കുന്നു

ഹാജരാകാൻ സമയം നൽകി. അതിന് 15 ദിവസം മുമ്പ്, നവംബർ 30ന് സിഗരറ്റ് വലിക്കാത്ത, മദ്യപിക്കാത്ത, ഷട്ടിൽ കളിക്കുന്ന, ദിവസവും ഒരു മണിക്കൂറോളം വ്യായാമം ചെയ്യുന്ന ജഡ്ജ് ലോയ കാർഡിയാക് അറസ്റ്റ് മൂലം മരിക്കുന്നു. ജഡ്ജ് ലോയയുടെ സഹോദരിയും മഹാരാഷ്ട്രയിലെ സർക്കാർ ഡോക്ടറുമായ അനുരാധ പിയാനി ഇത് സ്വാഭാവിക മരണമല്ല എന്ന് മെഡിക്കൽ തെളിവുകളുടെ അടിസ്ഥാനത്തിൽ അന്നേ പറഞ്ഞിരുന്നു. പക്ഷെ എവിടെയും വാർത്തയായില്ല. മുംബൈ ഹൈക്കോടതി ചീഫ് ജസ്റ്റിസ് മോഹിത് ഷാ ഈ കേസിൽ അനുകൂല വിധിയുണ്ടാകുന്നതിനായി 100 കോടി രൂപ വാഗ്ദാനം ചെയ്ത കാര്യം അനുരാധ പിയാനിയോട് ജഡ്ജ് ലോയ പറഞ്ഞിട്ടുണ്ടായിരുന്നു. അതും അവരുടെ സംശയം വർദ്ധിപ്പിച്ചു. ഇത്തരം വാഗ്ദാനങ്ങളെക്കുറിച്ച് ജഡ്ജ് ലോയ സംസാരിച്ച കാര്യം അദ്ദേഹത്തിന്റെ അച്ഛനും അമ്മയും കാരവനോട് പറഞ്ഞിരുന്നു. ഇക്കാര്യങ്ങളെല്ലാം ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് ഞങ്ങൾ പ്രസിദ്ധീകരിച്ചുവെങ്കിലും ഇന്ത്യയിലെ ഒരൊറ്റ ദേശീയ മാദ്ധ്യമങ്ങളും ഈ വാർത്ത റിപ്പോർട്ട് ചെയ്യാൻ തയ്യാറായില്ലെന്നതാണ് വാസ്തവം. ഈ വാർത്ത അവഗണിച്ച ടൈംസ് ഓഫ് ഇന്ത്യ പോലെയുള്ള പത്രങ്ങൾ അടുത്ത തെരഞ്ഞെടുപ്പിന് തയ്യാറെടുക്കുന്നതിന്റെ ഭാഗമായി അമിത് ഷാ തമിഴും ബംഗ്ലായും പഠിക്കാൻ പോകുന്നതാണ് പ്രധാന വാർത്തയായി നൽകിയത്. തമിഴും ബംഗ്ലായും പഠിച്ചു എന്നല്ല, പഠിക്കാൻ പോകുന്നു എന്നതാണ് മുഖ്യ വാർത്ത. ഇതാണ് ഇന്ത്യയിലെ ദേശീയ മാദ്ധ്യമങ്ങളുടെ അവസ്ഥ. കാരവനിലെ വാർത്ത സോഷ്യൽ മീഡിയ വഴിയാണ് നന്നായി വായിക്കപ്പെട്ടത്. സോഷ്യൽ മീഡിയയിൽ മാത്രമായി ആറ് കോടിയോളം പേർ ഈ വാർത്ത വായിച്ചതായി ഇന്റർനെറ്റ് ട്രാഫിക്കിംഗ് നിരീക്ഷിക്കുന്നവർ അറിയിക്കുകയുണ്ടായി. പ്രാദേശിക വാർത്താ പത്രങ്ങൾ പലരീതിയിൽ ഈ വാർത്ത പ്രസിദ്ധീകരിച്ചുവെങ്കിലും ദേശീയ മാദ്ധ്യമങ്ങൾ സമ്പൂർണ്ണമായി വാർത്താ തമസ്കരണം നടത്തുകയായിരുന്നു. പ്രതിപക്ഷ പാർട്ടികൾ പോലും ഈ വാർത്ത ഏറ്റെടുക്കാൻ തയ്യാറായില്ല. ഗുജറാത്ത് തെരഞ്ഞെടുപ്പ് നടക്കുന്നതുകൊണ്ടാണ് മിണ്ടാത്തത് എന്നാണ് അന്ന് പല കോൺഗ്രസ് നേതാക്കളും വ്യക്തിപരമായി പറഞ്ഞത്. ഗുജറാത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞു, അതു കഴിഞ്ഞ് പലതവണ പാർലമെന്റും സമ്മേളിച്ചു. എന്നിട്ടും ജഡ്ജ് ലോയയുടെ ദുരൂഹമരണം ആരും ചർച്ചയിലേക്ക് കൊണ്ടുവന്നില്ല.

സുപ്രീം കോടതിയിലെ നാല് ജഡ്ജുമാർ ജസ്റ്റിസ് ലോയ കേസ് സംബന്ധിച്ച അന്വേഷണം സുതാര്യമാക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് അത് മാദ്ധ്യമങ്ങളുടെ പരിഗണനയിലേക്ക് എത്തിയത്. ശരിക്കും നമ്മൾ മാച്ച് ഫിക്സിംഗ് എന്നെല്ലാം പറയുന്നതുപോലെ ഒരു ബഞ്ച് ഫിക്സിംഗ് ആണ് സുപ്രീംകോടതിയിൽ നടന്നത്. ജഡ്ജ് ലോലയുടെ മരണവുമായി ബന്ധപ്പെട്ട കേസ് ആർ.എസ്.എസ് അനുഭാവമുണ്ടെന്ന് വ്യക്തമായിട്ടുള്ള ജസ്റ്റിസ് അരുൺ കുമാറിന്റെ ബഞ്ചിലേക്ക് മാറ്റുകയായിരുന്നു ചീഫ് ജസ്റ്റിസ് ചെയ്തത്. ഇതിനെതിരെയാണ് ആ മുതിർന്ന ന്യായാധിപന്മാർ പരസ്യമായി രംഗത്തുവന്നത്. അവരുടെ ആ പ്രതികരണം വലിയ ആശ്വാസകരമായ കാര്യമായിരുന്നു.
കാവിവത്കരണത്തെക്കുറിച്ച് വ്യക്തമാക്കുന്നതിനായി കാരവൻ മുമ്പ് ചെയ്ത ഒരു സ്റ്റോറിയുടെ അനുഭവം കൂടി ഞാൻ പറയാം. സ്വാമി അസീമാനന്ദയുടെ വെളിപ്പെടുത്തലായിരുന്നു അത്. രണ്ട് വർഷത്തോളം നീണ്ടുനിന്ന അഭിമുഖ സംഭാഷണങ്ങൾക്ക് ശേഷം ലീന ഗീത രഘുനാഥ് എന്ന മലയാളി ജേർണലിസ്റ്റാണ് അസീമാനന്ദയുടെ വാർത്ത പുറത്തുകൊണ്ടുവന്നത്. അംബാല

സെൻട്രൽ ജയിലിൽ കഴിയുന്ന അസീമാനന്ദയുമായി പലതവണ സംസാരിച്ചാണ് സ്റ്റോറി തയ്യാറാക്കിയത്. ഒമ്പത് മണിക്കൂർ നീണ്ട സംഭാഷണത്തിന്റെ ടേപ്പാണ് ഞങ്ങളുടെ കൈവശമുള്ളത്. എന്തായിരുന്നു സ്വാമി അസീമാനന്ദയുടെ കുറ്റം. ഇന്ത്യയിലെ ഹിന്ദു ഭീകരതയുടെ മാസ്റ്റർമൈൻഡ് എന്നാണ് എൻ.ഐ.എ ചാർജ്ജ് ഷീറ്റിൽ അദ്ദേഹത്തെക്കുറിച്ച് പറഞ്ഞിരുന്നത്. 2006-07 കാലഘട്ടത്തിൽ നടന്ന മലേഗാവ്, സംഝോധ എക്സ്പ്രസ് സ്ഫോടനങ്ങളെക്കുറിച്ച് അന്നുവന്ന വാർത്തകളെല്ലാം പറഞ്ഞത് ഐ.എസ്.ഐ ആണ് ഇതിന് പിന്നിൽ എന്നായിരുന്നു. എന്നാൽ മഹാരാഷ്ട്ര കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ചില ഹിന്ദു ഭീകര സംഘടനകളാണ് ഇതിന്റെ പിന്നിലെന്ന് കുറേക്കാലം കഴിഞ്ഞാണ് വ്യക്തമാകുന്നത്. അങ്ങനെയാണ് അസീമാനന്ദ പിടിക്കപ്പെടുന്നത്. ഞങ്ങൾക്ക് നൽകിയ മൂന്നാമത്തെ അഭിമുഖ സംഭാഷണത്തിലാണ് സ്ഫോടനങ്ങൾക്ക് പിന്നിലെ രാഷ്ട്രീയ ഇടപെടലുകളെക്കുറിച്ച് അസീമാനന്ദ കൂടുതൽ വെളിപ്പെടുത്തലുകൾ നടത്തുന്നത്. അത് ഞങ്ങളെ ശരിക്കും ഞെട്ടിച്ചു. ആർ.എസ്.എസ്സിന്റെ തലവൻ മോഹൻ ഭാഗവത് ആണ് സ്ഫോടനങ്ങൾ നടത്താനുള്ള നിർദ്ദേശം നൽകിയത് എന്നാണ് അസീമാനന്ദ വെളിപ്പെടുത്തിയത്. വളരെ ഗുരുതരമായ പ്രസ്താവനയായതിനാൽ ഞങ്ങൾ അത് പല തവണ അസീമാനന്ദയുമായി ചോദിച്ച് ഉറപ്പുവരുത്തി. കാരവനിൽ ഞങ്ങൾ അത് പ്രസിദ്ധീകരിച്ചു. വാർത്ത ആർ.എസ്.എസ്സിനെ പിടിച്ചുകുലുക്കി. യു.പി.എ ഭരണമാണ് അന്ന്. രാഷ്ട്രീയമായി അവർക്ക് ഉപയോഗപ്പെടുത്താൻ നല്ല സാദ്ധ്യതയുള്ള വിഷയമായിരുന്നു. മോഹൻ ഭാഗവതിന്റെ പങ്കിനെക്കുറിച്ചുള്ള ഏതന്വേഷണത്തിനും കൊടുക്കാനുള്ള രേഖകളുമായി ഞങ്ങൾ കാത്തിരുന്നു. പക്ഷെ ആരും വന്നില്ല. കാവിവത്കരണം ഇന്ത്യയിൽ തുടങ്ങിയത് ഇന്നോ ഇന്നലെയോ അല്ല എന്ന് പറയുന്നത് അതുകൊണ്ടാണ്. അയോദ്ധ്യ മൂവ്മെന്റിന്റെ കാര്യം തന്നെയെടുക്കാം. അതിന്റെ ആദ്യയോഗം യു.പിയിൽ ആർ.എസ്.എസ് വിളിച്ചുചേർക്കുമ്പോൾ 500 പേരു പോലും അന്ന് പങ്കെടുക്കാനുണ്ടായിരുന്നില്ല. 1982ൽ അന്നത്തെ യു.പി മുഖ്യമന്ത്രിയായ എൻ.ഡി. തിവാരി കോൺഗ്രസ് ആസ്ഥാനത്തേക്ക് വിളിച്ചുപറഞ്ഞിട്ടാണ് 500 പേരെ ആ യോഗത്തിലേക്ക് അയയ്ക്കുന്നത്. 'ഹിന്ദു സാമ്രാട്ട്' എന്നു പേരുള്ള ഒരു സംഘടന തുടങ്ങുന്നതും ഇന്ദിരാ ഗാന്ധി കരൺസിംഗിനെ ചുമതലപ്പെടുത്തിയതിനെ തുടർന്നാണ്. രാമജന്മഭൂമി പ്രസ്ഥാനം ഡൽഹിയിൽ നടത്തിയ ആദ്യ യോഗം വിശ്വഹിന്ദു പരിഷത്തും ഹിന്ദു സാമ്രാട്ടും ഒരുമിച്ചാണ് നടത്തിയത്. അയോദ്ധ്യയിലെ ഗേറ്റ് തുറക്കാൻ അനുവാദം കൊടുക്കരുത് എന്ന് 1986ൽ അലഹബാദ് ഹൈക്കോടതി ഉത്തരവിറക്കിയതിന്റെ പിന്നാലെ ഒരു എക്സിക്യൂട്ടീവ് തീരുമാനത്തിലൂടെ അത് തുറക്കാൻ അനുവാദം നൽകിയത് രാജീവ് ഗാന്ധിയായിരുന്നു. 1989ൽ അയോദ്ധ്യയിൽ ശിലാന്യാസ് നടത്താൻ വി.എച്ച്.പിക്ക് അനുവാദം കൊടുക്കരുത് എന്ന് അലഹബാദ് ഹൈക്കോടതി ഇറക്കിയ ഉത്തരവിനെയും രാജീവ് ഗാന്ധിയും ഭൂട്ടാസിംഗും എൻ.ഡി തിവാരിയും അടക്കമുള്ള കോൺഗ്രസ് നേതാക്കൾ ചേർന്ന് മറികടക്കുകയായിരുന്നു. കാവിവത്കരണത്തിൽ ചരിത്രത്തിൽ ഇതും നമ്മൾ കാണേണ്ടതുണ്ട്. ബി.ജെ.പിക്കെതിരെ കോൺഗ്രസും മറ്റ് ചെറുകിട പാർട്ടികളും ഒരുമിച്ചു നിന്നു എന്നതുകൊണ്ട് ഭരണഘടനാതത്വങ്ങൾ നന്നായി പാലിക്കപ്പെടണമെന്നില്ല. പ്രത്യയശാസ്ത്രപരമായ ജീർണ്ണതയാണ് ഇന്ത്യൻ രാഷ്ട്രീയം നേരിടുന്ന ഏറ്റവും വലിയ അപചയം.

90 വർഷങ്ങൾക്ക് മുമ്പ് തുടങ്ങിയ, കോൺട്രാക്ചൽ നാഷണലിസം വേണോ അതോ മെജോറിറ്റേറിയൻ നാഷണലിസം വേണോ എന്ന ചർച്ചയിൽ തന്നെ ഇന്ത്യ എത്തിനിൽക്കുകയാണ്. എന്നാൽ 90 വർഷങ്ങൾക്ക് മുമ്പ് പരാജയപ്പെട്ടെങ്കിലും, മെജോറിറ്റേറിയൻ നാഷണലിസമാണ് വേണ്ടത് അല്ലെങ്കിൽ ഇന്ത്യ ആ രീതിയിലേക്ക് മാറുകയാണ് എന്നതിന്റെ വ്യക്തമായ സൂചനകളിലേക്ക് പല കാര്യങ്ങളും എത്തിച്ചേർന്നിരിക്കുന്നു. മാദ്ധ്യമങ്ങളടക്കമുള്ള എല്ലാ സ്ഥാപനങ്ങളുടെയും കാവിവൽക്കരണത്തിന്റെ സ്വഭാവമിതാണ്. ജുഡീഷ്യറിയാവട്ടെ, ബ്യൂറോക്രസിയാകട്ടെ, വിദ്യാഭ്യാസ സ്ഥാപനങ്ങളാകട്ടെ, റിസർച്ച് സെന്ററുകളാകട്ടെ, എല്ലാം സ്ഥാപനപരമായ മരണത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ മരണം ആരംഭിച്ചത് 2014ഓടെയാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അത് മോദി യുടെ കാലത്ത് ആരംഭിച്ച പ്രതിഭാസമല്ല. നാഷണലിസത്തെ സംബന്ധിച്ച് 90 വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച അതേ സംവാദമാണ് ഇന്ന് കാവിവൽക്കരണത്തിന്റെ മൂർത്തിമത്ഭാവമായി നാം കാണുന്നത്. ഭൂരിപക്ഷ ദേശീയതയെ സംബന്ധിച്ച സംവാദം ഇന്ന് സംവാദത്തിന്റെ തലം വിട്ട് പ്രയോഗത്തിന്റെ തലത്തിലേക്ക് എത്തിയിരിക്കുന്നു. ഈയൊരു ആശയപരമായ ജീർണ്ണതയെ എങ്ങിനെ പ്രതിരോധിക്കാം എന്നതായിരിക്കണം നമ്മുടെ മുന്നിലുള്ള സുപ്രധാന ചോദ്യം. ■